**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2510          06.12.2018-ലെ മറുപടിയ്ക്ക്

## ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | രാജ്യത്തിനു വേണ്ടി മികച്ച ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കണമെന്ന ലക്ഷ്യം നേടുന്നതിനായി കായിക വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ **കിക്കോഫ്** എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 18 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്ക് പുറമെ ടി സ്കൂളുകളുടെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെ ഉൾപ്പെടുത്തി പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നത്.<br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഫുട്ബോൾ കായിക ഇനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ജില്ലകളിലായി 4 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 11 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 10 ഡേ ബോർഡിംഗ് സെന്ററുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ എലൈറ്റ് സ്കീമിൽ ഫുട്ബോൾ കായിക ഇനത്തെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി എത്ര സ്കൂളുകളിലാണ് നടപ്പിലാക്കുന്നത് എന്നറിയിക്കാമോ; | (ബി) | ആദ്യഘട്ടത്തിൽ 18 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്. |
| (സി) | ഈ പദ്ധതിയിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് യോഗ്യതയുള്ള മികവുറ്റ പരിശീലകരെ നിയോഗിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ എന്ന് വെളിപ്പെടുത്താമോ? | (സി) | അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ ഡി-ലൈസൻസ് യോഗ്യതയുള്ള പരിശീലകരെയാണ് നിലവിൽ പ്രസ്തുത പദ്ധതിയുടെ പരിശീലകരായി നിയോഗിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ